പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 4854

14/11/2019-ൽ മറുപടിയ്ക്ക്

**പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച സ്കൂളുകൾ**

**ചോദ്യം**

**ശ്രീ രാജു എബ്രഹാം**

**മറുപടി**

**പ്രൊഫ. സി. രവീന്ദ്രനാഥ്**

**(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി)**

| ചോദ്യം | മറുപടി |
|---|---|
| (എ) 2018 ആഗസ്റ്റിലെ പ്രളയം മൂലം സംസ്ഥാനത്തെ എത്ര സ്കൂളുകൾക്ക് നാശനഷ്ടം സംഭവിച്ചിട്ടുണ്ട്; ഇവയുടെ നാശനഷ്ടത്തിന്റെ കണക്ക് ജില്ല തിരിച്ച് ലഭ്യമാക്കാമോ; | (എ) 2018 ആഗസ്റ്റിലെ പ്രളയത്തിൽ 413 സ്കൂളുകൾക്ക് നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. ഇവയുടെ നാശനഷ്ടത്തിന്റെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) സ്കൂൾ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണിക്കും പൂർണ്ണതോതിൽ നാശനഷ്ടം സംഭവിച്ചവയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ ? | (ബി) സ്കൂൾ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണിക്കും പൂർണ്ണതോതിൽ നാശം സംഭവിച്ചവയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ താഴെ രേഖപ്പെടുത്തിയിരിക്കുന്നു |

**ഇടുക്കി ജില്ല –**

1. **ഗവ.എൽ.പി.എസ് ആനവിരട്ടി** – സ്കൂൾ കെട്ടിടത്തിന്റെ പുനഃനിർമ്മാണം പഞ്ചായത്ത് പൂർത്തിയാക്കി • ഈ അധ്യയന വർഷം മുതൽ അധ്യയനം തുടങ്ങിയിട്ടുണ്ട്

2. **കോഴിമല ഗവ.എൽ.പി.എസ്** – സ്കൂൾ കെട്ടിടത്തിന്റെ പുനഃനിർമ്മാണ പ്രവർത്തനങ്ങൾ നടത്തുവാനായി "സീഡ്സ് ഇന്ത്യ" എന്ന സംഘടനയ്ക്ക് അനുമതി നൽകി. 26/09/2019-ന് അവർ പുനഃനിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു. പ്രവൃത്തികൾ നടന്നു വരുന്നു

**പാലക്കാട് ജില്ല**

**ഗവ.ജെ.ബി.എൽ.പി.എസ് പെരുവമ്പ്**

സ്കൂൾ തുടക്കം മുതൽ വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ച് വരുന്നത്. പ്രളയത്തിൽ പ്രസ്തുത കെട്ടിടം ഭാഗികമായി തകർന്നു . ടി കെട്ടിടത്തിന്റെ ഉടമസ്ഥൻ തന്നെ പുനഃനിർമ്മാണം നടത്തി ഇവിടെ അധ്യയനം നടന്നു വരുന്നു.

**വയനാട് ജില്ല**

**1. ഗവ.എൽ.പി.എസ്.മക്കിമല**

സർക്കാർ ഫണ്ട് ഉപയോഗിച്ച് സ്കൂൾ കെട്ടിടങ്ങളുടെ

പണി പൂർത്തിയാക്കി · ഈ അധ്യയന വർഷത്തിൽ അധ്യയനം തുടങ്ങി

**2. ഗവ.എൽ.പി.എസ് കരിച്ചിയാർമല**

സ്കൂൾ കെട്ടിടങ്ങൾ പൂർണമായി തകർന്നു സ്ഥലം തന്നെ ഒഴുകിപ്പോയി. കെട്ടിടം നിലനിന്നിരുന്ന സ്ഥലം പരിസ്ഥിതിലോല പ്രദേശമായതിനാൽ വീണ്ടും ആ സ്ഥലത്ത് തന്നെ കെട്ടിടം നിർമ്മിക്കുന്നത് സുരക്ഷിതമല്ലാത്തതിനാൽ മറ്റൊരുസ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുവാൻ ശ്രമിച്ചുവെങ്കിലും സ്ഥലവാസികൾ ടി സ്ഥലത്തുനിന്നും സ്കൂൾ മാറ്റി നിർമ്മിക്കുന്നതിൽ എതിർപ്പ് പ്രകടിപ്പിച്ചിട്ടുണ്ട് · പുതുതായി സ്ഥലം വാങ്ങാൻ കഴിഞ്ഞിട്ടില്ല. അടുത്തുള്ള മദ്രസയിൽ ടി സ്കൂൾ അധ്യയനം നടന്നു വരുന്നു.

**3. ഗവ.ഹയർസെക്കന്ററി സ്കൂൾ കഞ്ഞോം**

സർക്കാരിന്റെ അനുവാദത്തോടു കൂടി മദ്രാസ് വൈ.എം.സി.എ എന്ന സംഘടന പ്രസ്തുത സ്കൂളിലെ പുനഃനിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി 2019 ജൂലൈ 19 ന് അധ്യയനം ആരംഭിച്ചു .

**<u>കാസർഗോഡ് ജില്ലയിലെ ഗവ.എൽ.പി.എസ് ബാവിക്കര</u>**

സർക്കാർ ഫണ്ട് അനുവദിച്ച സ്കൂൾ കെട്ടിടങ്ങളുടെ പണി ത്വരിതഗതിയിൽ നടന്നുവരുന്നു· പണിപൂർത്തിയായാലുടൻ പുതിയ കെട്ടിടത്തിൽ അധ്യയനം ആരംഭിക്കുന്നതാണ് ഇപ്പോൾ അടുത്തുള്ള മദ്രസയിൽ ടി സ്കൂൾ അധ്യയനം നടന്നു വരുന്നു.

**<u>എറണാകുളം ജില്ലയിലെ ഗവ.എൽ.പി.എസ് കായനാട്</u>**

ഗവ.എൽ.പി.എസ് കായനാട്ടിൽ 1,00,00,000/-(ഒരു കോടി) രൂപയോളം പ്രവർത്തന ചെലവ് പ്രതീക്ഷിക്കുന്ന പുനഃനിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുവാൻ "കോൺഫഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രീസ്" എന്ന സംഘടന തയ്യാറാവുകയും, സർക്കാർ ആയതിന് അനുമതി നൽകുകയും ചെയ്തിട്ടുണ്ട് . പ്രസ്തുത സംഘടനയുമായി കരാറിൽ ഏർപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു .

Namitha P

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

| ക്രമ നമ്പർ | ജില്ല | നാശനഷ്ടം സംഭവിച്ചിട്ടുള്ള സ്കൂളുകളുടെ എണ്ണം | ആകെയുള്ള നാശനഷ്ടം (Rs) |
|---|---|---|---|
| 1 | തിരുവനന്തപുരം | 12 | 11,80,000 |
| 2 | കൊല്ലം | 12 | 1,82,57,435 |
| 3 | പത്തനംതിട്ട | 74 | 4,23,61,500 |
| 4 | ആലപ്പുഴ | 69 | 7,85,80,650 |
| 5 | കോട്ടയം | 34 | 4,71,03,750 |
| 6 | ഇടുക്കി | 72 | 4,96,16,450 |
| 7 | എറണാകുളം | 18 | 2,96,55,000 |
| 8 | തൃശ്ശൂർ | 30 | 2,73,47,900 |
| 9 | പാലക്കാട് | 2 | 60,65,000 |
| 10 | മലപ്പുറം | 4 | 1,75,93,355 |
| 11 | കോഴിക്കോട് | 37 | 53,96,650 |
| 12 | വയനാട് | 33 | 3,26,96,563 |
| 13 | കണ്ണൂർ | 15 | 61,00,000 |
| 14 | കാസർഗോഡ് | 1 | 1,50,00,000 |
| **ആകെ** | | **413** | **Rs.37,69,54,253 (മുപ്പത്തേഴുകോടി അറുപത്തൊമ്പത് ലക്ഷത്തി അമ്പത്തിനാലായിരത്തി ഇരുന്നൂറ്റമ്പത്തി മൂന്ന് രൂപ)** |

Namitha. P

**സെക്ഷൻ ഓഫീസർ**